പെരുവണ്ണാമൂഴി ഇറിഗേഷൻ ഡാം

26 (854) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പെരുവണ്ണാമൂഴി ഇറിഗേഷൻ ഡാമിലെ പക്ഷിക്കുന്ന് ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതു സംബന്ധിച്ച് ഗവൺമെന്റിന് ലഭിച്ച നിവേദനത്തിൻമേൽ (ഫയൽ നം: 34323/എം. പി./ 99/ ജല.വകുപ്പ്, 23-12-99) എന്തെല്ലാം നടപടികൾ എടുത്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

പനത്തുറയിൽ കടൽഭിത്തി നിർമ്മാണം

27 (855) ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പനത്തുറയിൽ കടൽ ഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കടൽ ഭിത്തി നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി&സി) ലഭിച്ചിട്ടില്ല. നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പനത്തുറയിൽ നാലു ഭാഗങ്ങളിലായി കടൽഭിത്തികളുടെ പുനരുദ്ധാരണത്തിന് 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം പുനരുദ്ധാരണ പണികൾ നടത്താൻ സാധിച്ചിട്ടില്ല .

ആലപ്പുഴയിലെ കനാലുകൾ നവീകരിക്കാൻ പദ്ധതി

28 (856) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ആലപ്പുഴയിലെ കനാലുകൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) കനാൽ നവീകരണം സംബന്ധിച്ച് ജലസേചന വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly